**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2601** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. പരിഷ്കരണത്തെ തുടർന്ന് ലോട്ടറി വിലയിലുണ്ടായ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലോട്ടറി വിലയിലും സമ്മാനഘടനയിലും ലോട്ടറി ഏജന്റുമാരുടേയും വില്പനക്കാരുടേയും കമ്മീഷനിലും നടപ്പ് സാമ്പത്തിക വർഷത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ജി. എസ്. ടി. പരിഷ്കരണത്തെ തുടർന്ന് ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, ടിക്കറ്റ് വില വർധിപ്പിക്കാതെ തന്നെ സമ്മാനത്തുകയിലും ഏജന്റ് പ്രൈസ്, ഡിസ്കൗണ്ട് എന്നിവയിലും നാമമാത്രമായ കുറവ് വരുത്തിയാണ് ജി എസ് ടി വർദ്ധനവിനെ നേരിട്ടത്. സമ്മാനങ്ങളുടെ എണ്ണത്തിലും ചെറിയ രീതിയിലുള്ള കുറവ് വരുത്തി. ഏജന്റ് ഡിസ്കൗണ്ടിൽ 1%-ന്റെ കുറവും, 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജന്റ് പ്രൈസിൽ 3% കുറവും 100 രൂപ സമ്മാനത്തിന്റെ ഏജന്റ് പ്രൈസിൽ 5% -ന്റെ കുറവും വരുത്തിയിട്ടുണ്ട്. |
| (ബി) | ജി. എസ്. ടി. പരിഷ്കരണത്തെ തുടർന്ന് ലോട്ടറി വിലയിലോ സമ്മാനഘടനയിലോ വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്നും ലോട്ടറി ഏജന്റുമാരുടെയും വില്പനക്കാരുടെയും കമ്മീഷനിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ? | (ബി) | ജി. എസ്. ടി. പരിഷ്കരണത്തെ തുടർന്ന് ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, ടിക്കറ്റ് വില വർധിപ്പിക്കാതെ തന്നെ സമ്മാനത്തുകയിലും ഏജന്റ് പ്രൈസ്, ഡിസ്കൗണ്ട് എന്നിവയിലും നാമമാത്രമായ കുറവ് വരുത്തിയാണ് ജി എസ് ടി വർദ്ധനവിനെ നേരിട്ടത്. സമ്മാനങ്ങളുടെ എണ്ണത്തിലും ചെറിയ രീതിയിലുള്ള കുറവ് വരുത്തി. ഏജന്റ് ഡിസ്കൗണ്ടിൽ 1%-ന്റെ കുറവും, 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജന്റ് പ്രൈസിൽ 3% കുറവും 100 രൂപ സമ്മാനത്തിന്റെ ഏജന്റ് പ്രൈസിൽ 5% -ന്റെ കുറവും വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ